**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:*415** **15.05.2017 ൽ മറുപടിയ്ക്ക്**

# മൂന്നാർ കയ്യേറ്റ ഭൂമി ഒഴിപ്പിക്കൽ

**ചോദ്യം**
**ശ്രീ.അബ്ദുൽ ഹമീദ് പി.**
**ശ്രീ.പാറക്കൽ അബ്ദുല്ല**
**ശ്രീ.ടി.വി.ഇബ്രാഹിം**
**ശ്രീ.പി.ബി.അബ്ദുൽ റസ്സാക്ക്**

**മറുപടി**
**ശ്രീ.ഇ.ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| (എ) | മൂന്നാറിൽ കയ്യേറ്റ ഭൂമി ഒഴിപ്പിക്കാൻ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; | (എ) ലിസ്റ്റ് തയ്യാറാക്കി വരികയാണ്. പൂർണ്ണമായ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. |
| (ബി) | എങ്കിൽ ആ ലിസ്റ്റിൽ എല്ലാ കയ്യേറ്റങ്ങളും ഉൾപ്പെട്ടുമോ; ഇല്ലെങ്കിൽ ലിസ്റ്റ് തയ്യാറാക്കാൻ സ്വീകരിച്ച മാനദണ്ഡമെന്താണെന്ന് വിശദമാക്കുമോ; | (ബി) ത്വരിതപരിശോധന നടത്തിയും ലഭ്യമായ ഓഫീസ് രേഖകൾ അടിസ്ഥാനമാക്കിയുമാണ് ലിസ്റ്റ് തയ്യാറാക്കുന്നത്. സ്ഥലപരിശോധന, സർവ്വെ നടപടികൾ എന്നിവ നടത്തി മാത്രമേ കയ്യേറ്റങ്ങൾ സംബന്ധിച്ച് പൂർണ്ണമായ ലിസ്റ്റ് തയ്യാറാക്കുവാൻ സാധിക്കുകയുള്ളൂ. |
| (സി) | മതാരാധനാ ചിഹ്നങ്ങളോ, മതവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളെയോ മുൻനിർത്തി നടത്തുന്ന കയ്യേറ്റങ്ങളുടെ കാര്യത്തിൽ നയം എന്താണെന്ന് വ്യക്തമാക്കുമോ ? | (സി) ഏതുതരത്തിലുള്ള കയ്യേറ്റമായാലും കേരള ഭൂസംരക്ഷണ നിയമപ്രകാരം ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ